II ഇ.ബി. XII- കേരള നിയമസഭ/XIV-21

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 31, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

67(*626) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ മികവിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് 2007–08 വർഷം പാലക്കാട് ജില്ലയും 2008–09 വർഷം ഇടുക്കി ജില്ലയും അർഹരായെന്ന് സഭയെ അറിയിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കേരള സംസ്ഥാനത്തെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകി;

പദ്ധതി പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളിലൂടെ നടപ്പാക്കുന്നു;

കരാറുകാരെയും ഇടനിലക്കാരെയും പൂർണ്ണമായി ഒഴിവാക്കി;

തൊഴിലാളികളുടെ വേതനം അവരുടെ ബാങ്ക്/പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകുന്നു;

സുതാര്യത ഉറപ്പാക്കാനും അഴിമതി ഒഴിവാക്കാനുമുള്ള നടപടികൾ പ്രാവർത്തികമാക്കി;

തൊഴിലാളികൾക്കും സാധാരണക്കാർക്കും മനസ്സിലാകുന്ന രീതിയിൽ സാങ്കേതിക പദങ്ങൾ ഒഴിവാക്കി തയ്യാറാക്കുന്ന ജനകീയ എസ്റ്റിമേറ്റ്, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് തൊഴിലാളികളേയും പൊതുജനങ്ങളേയും ബോധവൽക്കരിക്കുന്ന തിനുള്ള മീറ്റിംഗ്, പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ നൽകുന്ന വാർത്താ ബോർഡുകൾ, പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പും നിർവ്വഹണത്തിന് ശേഷവുമുള്ള ഫോട്ടോഗ്രാഫുകൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന, സോഷ്യൽ ആഡിറ്റ് എന്നിവയിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യതയും പങ്കാളിത്തവും ഉറപ്പാക്കി;

ആസൂത്രണത്തിലും നിർവ്വഹണത്തിലും നീർത്തട പരിപാലനത്തിനും പരിസ്ഥിതി പുന:സ്ഥാപനത്തിനും പ്രാമുഖ്യം നൽകി;

സോഷ്യൽ ആഡിറ്റിന് പ്രയോഗക്ഷമമായ രീതി സമ്പ്രദായം ആവിഷ്ക്കരിച്ചു;

തൽസമയ കമ്പ്യൂട്ടറൈസ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തനക്ഷമമാക്കി;

പദ്ധതിയുടെ സംഘാടനത്തിനും മേൽനോട്ടത്തിനും കുടുംബശ്രീയിൽ നിന്നുള്ള മേറ്റുമാരെ നിയോഗിച്ചു. (100 ശതമാനവും സ്ത്രീകൾ മാത്രം പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന സംസ്ഥാനമാണ് കേരളം);

കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കാൻ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി;

തൊഴിലുറപ്പ് പദ്ധതിയുമായി വിവിധ വികസന മേഖലകളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി;

50 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുക, ആരോഗ്യ പരിരക്ഷ ഏർപ്പെടുത്തുക തുടങ്ങിയ സാമൂഹ്യ സുരക്ഷാ നടപടികൾ സ്വീകരിച്ചു.

ബാങ്ക് അക്കൗണ്ടുകൾ വഴി വേതനം നൽകുന്നതും പഞ്ചായത്തുകൾ വഴി പ്രവൃത്തികൾ നടത്തുന്നതും കുടുംബശ്രീ പ്രവർത്തകരെ മേറ്റ് ആയി ഉപയോഗിക്കുന്നതും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായുള്ള സംയോജനവും ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുകയും കേരളത്തിന്റെ മാതൃക പിന്തുടരണമെന്ന് മറ്റ് സംസ്ഥാനങ്ങളോട് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ അടിമാലി പഞ്ചായത്താണ് 4.23 കോടി രൂപ ചെലവഴിക്കുകയും ഏറ്റവും കൂടുതൽ തൊഴിൽ നൽകുകയും ചെയ്തത്. ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ ഈ പദ്ധതി പ്രകാരം നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം 911249 കുടുംബങ്ങൾക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരുടെ തൊഴിൽ

സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും ആവശ്യമായ സ്കീമുകൾ നിലവിലുണ്ടെന്നും പതിനാല് ദിവസത്തിലൊരിക്കൽ കൂലി കൊടുക്കുന്ന സമ്പ്രദായത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ അഡ്വാൻസായി കൂലി കൊടുക്കുന്ന സംവിധാനം വ്യാപകമാക്കുന്നതാണെന്നും പഞ്ചായത്തുകളിലെ എൻജിനീയറിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരുടെ അദ്ധ്വാനശേഷി ചെറുകിട കൃഷി ഭൂമിയിൽക്കൂടി പ്രയോജനപ്പെടുത്താൻ സഹായകരമായ വിധത്തിലുള്ള നിലപാട് സ്വീകരിക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിരന്തരമായിട്ടുള്ള അഭ്യർത്ഥന കേന്ദ്രഗവൺമെന്റ് അംഗീകരിക്കാത്ത സാഹചര്യത്തിൽ ഉള്ള സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പദ്ധതി പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് കേരളത്തിലെ മിനിമം കൂലി 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

68 (*627) <u>ഒരു നെല്ലും ഒരു മീനും പദ്ധതി</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഒരു നെല്ലും ഒരു മീനും പദ്ധതി തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾനിലങ്ങളിലും ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിലുമാണ് നടപ്പിലാക്കിവരുന്നതെന്ന് സഭയെ അറിയിച്ചു.

നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം കുട്ടനാട് മേഖലയിലെ ഏഴ് പഞ്ചായത്തുകളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും 695 കർഷകർക്ക് മത്സ്യക്കൃഷിയിൽ പരിശീലനം നൽകുകയും 2014.32 ഹെക്ടർ കോൾ നിലങ്ങളുൾപ്പെടെ മൊത്തം 3001.27 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഇതിനായി നാളിതുവരെ 61.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അഡാക്കിന്റെ കീഴിൽ ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കൃഷി പദ്ധതി, കല്ലുമ്മേക്കായ കൃഷി പദ്ധതി, കൂടുകളിലെ മത്സ്യകൃഷി പദ്ധതി, ഓരുജല മത്സ്യ കൃഷി പദ്ധതി, കുട്ടനാട് പാടശേഖരങ്ങളിൽ സംയോജിത മത്സ്യ/കൊഞ്ചു കൃഷി പദ്ധതി, വെള്ളായണി കായലിലെ സുസ്ഥിര മത്സ്യഉല്പാദന പദ്ധതി, മത്സ്യകേരളം പദ്ധതി, ചെമ്മീൻ/കൊഞ്ച് വിത്തുല്പാദനം,കരിമീൻ/പൂമീൻ/ചെമ്മീൻ/ഞണ്ട് കൃഷി, പി. സി. ആർ. ലാബുകൾ എന്നിവ നടന്നുവരുന്നുണ്ട്. അക്വാകൾച്ചർ മേഖലയിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനുമായി വർക്ക് പ്ലാൻ തയ്യാറാക്കുക, നിലവിലുള്ള ജലവിഭവങ്ങൾ സംരക്ഷിച്ച് അത് ഉപയോഗിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുക, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ജലവിഭവങ്ങൾ ഘട്ടംഘട്ടമായി ഉപയോഗപ്പെടുത്തുക, ഉൾനാടൻ മേഖലയിൽനിന്നും ജലകൃഷിയിൽ നിന്നുമുള്ള ഉല്പാദനത്തിന്റെ കൃത്യമായ കണക്കുകൾ ശേഖരിക്കുക, മത്സ്യ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുക, അക്വാകൾച്ചർ/ഉൾനാടൻ മത്സ്യ മേഖലയ്ക്കുവേണ്ടി സ്ഥാപനങ്ങൾ ആരംഭിക്കുക, കൂടുതൽ ഡിമാന്റുള്ള മത്സ്യങ്ങളെ വളർത്തുക എന്നീ ശുപാർശകളടങ്ങിയ റിപ്പോർട്ടാണ് ഇൻലാന്റ്

ഫിഷറീസ് & അക്വാകൾച്ചർ സംബന്ധമായ ടാസ്ക് ഫോഴ്സ് (എക്സ്പെർട്ട് കമ്മിറ്റി) സമർപ്പിച്ചിട്ടുള്ളത്. ഇത് ഉൾക്കൊണ്ടുകൊണ്ട് രൂപം നൽകിയ മത്സ്യ കേരളം പദ്ധതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. നദികളിലും ഉൾനാടൻ ജലസംഭരണികളിലും മത്സ്യക്കൃഷി വ്യാപിപ്പിക്കുന്ന നടപടി ഭക്ഷ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ കുട്ടനാടിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി മത്സ്യക്കൃഷി ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടതിനെത്തുടർന്ന് ഇതു സംബന്ധിച്ച് ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും 21 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും അതിൽ 3 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടുകൂടി ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മത്സ്യകേരളം പദ്ധതിയിൽ വംശനാശം നേരിടുന്ന നാടൻ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. മത്സ്യക്കൃഷിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഇപ്പോൾ നിലവിലില്ലെന്നും മത്സ്യകേരളം പദ്ധതിയിൽ പങ്കാളികളായിട്ടുള്ള കൃഷിക്കാർക്ക് നാശനഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് ഗവൺമെന്റ് പൂർണ്ണമായും പ്രീമിയം അടയ്ക്കുന്ന ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അത് വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നെൽക്കൃഷിയെ സംരക്ഷിച്ചുകൊണ്ട് നെൽക്കർഷകർക്ക് അധിക വരുമാനം ഉണ്ടാകത്തവിധത്തിൽ മത്സ്യക്കൃഷി വ്യാപിപ്പിക്കുകയെന്നുള്ളതാണ്

ഗവൺമെന്റിന്റെ നയപരമായ തീരുമാനം. നെൽപ്പാടങ്ങളിൽ നെൽക്കൃഷി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ചെമ്മീൻ കൃഷിക്കായി മാത്രം ഉപയോഗിക്കുന്നത് അവസാനിപ്പിക്കുന്നതിന് കർഷക സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഫിഷറീസ്-കൃഷി വകുപ്പുകളുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ മത്സ്യക്കൃഷി നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. മത്സ്യക്കൃഷിയുടെ മറവിൽ മന:പൂർവ്വം നെൽക്കൃഷി ഒഴിവാക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും യാതൊരു തരത്തിലും നെൽക്കൃഷിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ മാത്രം പൂർണ്ണമായു മത്സ്യക്കൃഷി നടത്താവുന്നതാണെന്നും മത്സ്യക്കൃഷിയുടെ വികസനത്തിന് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽപ്പെടുത്തി എല്ലാ ഹാച്ചറികളും മത്സ്യഫാമുകളും റീവാമ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചാലക്കുടി പുഴയിലേയും പെരിയാറിലേയും മത്സ്യക്കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന രാക്ഷസ മത്സ്യങ്ങളെപ്പറ്റി പരിശോധിച്ച് പരിഹാരം കാണുന്നതിന് ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അലങ്കാരമത്സ്യങ്ങൾ ഉല്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയുമാണ് അക്വാടെക്നോളജി പാർക്കിന്റെ പ്രധാന പ്രവർത്തന ലക്ഷ്യമെന്നും ഓടയത്തെ ചെമ്മീൻ ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

69 (*628) <u>കൊച്ചി നഗരത്തിലെ ഭീകരാക്രമണ സാദ്ധ്യത</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, കൊച്ചി നഗരത്തിൽ ഭീകരാക്രമണ സാദ്ധ്യതയുള്ളതായി കേന്ദ്രഗവൺമെന്റിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതീവജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൊച്ചി സിറ്റിയിൽ ഓബ്റോൺമാൾ, റെയിൽവേസ്റ്റേഷൻ, മേനക തുടങ്ങിയ സ്ഥലങ്ങളിൽ ഭീകരാക്രമണമുണ്ടാകുമെന്ന വ്യാജ എസ്. എം.എസ്. പ്രചരിപ്പിച്ച കൊച്ചിയിലും പരിസര പ്രദേശത്തുമുള്ള പത്തുപേരെ കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തതിൽ ഭീഷണി ഉയർത്തുന്നതിനു വേണ്ടിയല്ല, കൊച്ചിയിലെ ഭീകരാക്രമണ സാദ്ധ്യതയെപ്പറ്റി അവരുടെ വേണ്ടപ്പെട്ടവരെ അറിയിക്കുക എന്ന സദുദ്ദേശത്തോടെ ചെയ്തതാണെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവരെ താക്കീത് നൽകി വിട്ടയയ്ക്കുകയുണ്ടായി. അവരുടെ ഇപ്പോഴത്തെ പ്രവർത്തന രീതിയും പൂർവ്വകാല ചരിത്രവും പരിശോധിച്ചതിലും അവർ പറഞ്ഞത് സാധൂകരി ക്കത്തക്കതായതിനാൽ നിയമ നടപടി സ്വീകരിച്ചിട്ടില്ല. ഇതുപോലുള്ള പ്രവൃ ത്തികൾമൂലം സമൂഹത്തിലുണ്ടാകുന്ന വിഭ്രാന്തിയും മറ്റു ബുദ്ധിമുട്ടുകളും പറഞ്ഞു മനസ്സിലാക്കി കർശനമായി താക്കീത് ചെയ്താണ് അവരെ രക്ഷിതാ ക്കളോടൊപ്പം വിട്ടയച്ചിട്ടുള്ളത്. ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരം വ്യാജ ഭീഷണികളെ നേരിടുന്നതിനും യഥാർത്ഥ വസ്തുത ജനങ്ങളിലെത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. കൊച്ചി നഗരത്തിൽ നിന്ന് സുരക്ഷാ നടപടികളുടെ ഭാഗമായി ആരേയും കസ്റ്റഡിയിലെടുത്തിട്ടില്ല. കൊച്ചി നഗരത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്

കൊച്ചിൻ സെക്യൂരിറ്റി ആക്ഷൻ ഫോറം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭീകരാക്രമണ ഭീഷണി സംബന്ധിച്ചുള്ള വാർത്തകൾ കൊടുക്കുമ്പോൾ മാദ്ധ്യമങ്ങളും മറ്റും പ്രത്യേകമായ ശ്രദ്ധപുലർത്തണമെന്ന് ദൃശ്യ/പത്രമാദ്ധ്യമങ്ങളുടെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തപ്പോൾ ഗവൺമെന്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ സമചിത്തതയോടുകൂടിയുള്ള നിലപാടാണ് കേരളത്തിലെ മാദ്ധ്യമങ്ങൾ സ്വീകരിച്ചുവരുന്നത്. ഹൈടെക് ക്രൈമുകൾ കണ്ടെത്തുന്നതിന് ഒരു സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുകയും എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ രൂപീകരിക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഫലപ്രദമായ ജാഗ്രതാ നടപടികളെടുക്കുന്നുണ്ടെന്നും ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും കടലോര സുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ സംയുക്ത പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി. 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്നും 73 പോലീസ് സ്റ്റേഷനുകൾ തീരപ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഈ പോലീസ് സ്റ്റേഷനുകൾ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുമായി ചേർന്ന് നേവിയുടേയും മറ്റ് ഏജൻസികളുടേയും സഹായത്തോടുകൂടി കടലോര സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികളെടുത്തിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളി കളുടെ സഹകരണത്തോടെ കടലോര ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽ ഭീകരപ്രവർത്തന ങ്ങളിലേർപ്പെട്ടശേഷം കേരളത്തിലെത്തുന്നവരുടെ വിവരങ്ങൾ

ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 5032 മുതൽ 5239 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)